**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **01-02-2024 - ൽ മറുപടിയ്ക്ക്**

**വക്കം-കായിക്കരക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വക്കം-കായിക്കരക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ അഞ്ചുതെങ്ങ്, വക്കം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട 0.5043 ഹെക്ടർ ഭൂമി ടി.എസ്.കനാലിനു കുറുകെ കായിക്കര പാലം നിർമ്മാണത്തിന് 2013-ലെ എൽ.എ.ആർ.ആർ നിയമം പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്.<br><br>സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 27/07/2022-ലെ 2484-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും, പുനരധിവാസ പുനസ്ഥാപന പാക്കേജ് 12/11/2023-ൽ അംഗീകരിച്ചിട്ടുള്ളതുമാണ്. 19(1) പ്രഖ്യാപനം 04/12/2023-ലെ 3939-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ